സാംസ്ക്കാരികവും മതപരവും ഭാഷാപരവും വ്യക്തിപരവുമായ വൈജാത്യങ്ങളുടെയും വൈവിധ്യങ്ങളുടെയും മനോഹാരിതയെ തിരിച്ചറിയൽ എന്നീ അടിസ്ഥാന മനോഗുണങ്ങൾ കുട്ടികളിൽ വികസിപ്പിച്ചെടുക്കാൻ ഈ മാർഗ്ഗത്തിലൂടെ സാധിക്കും. അക്കാദമി സംസ്ഥാന സർവ്വശിക്ഷാ അഭിയാനുമായി സഹകരിച്ച് അദ്ധ്യാപകർക്കുവേണ്ടി ചലച്ചിത്രാസ്വാദന കോഴ്സുകൾ സംഘടിപ്പിച്ചുവരുന്നു. ലോകസിനിമകളെ കുറിച്ചുള്ള അറിവ് ലഭിക്കുന്നതിനൊപ്പം അതിന്റെ സാങ്കേതിക വശങ്ങളും മനസ്സിലാക്കിക്കൊടുക്കുന്നു. നല്ല സിനിമയെ മനസ്സിലാക്കാനും തിരിച്ചറിയാനുമുള്ള ഒരു പഠന രീതിയാണ് ഈ ക്യാമ്പിൽ സ്വീകരിക്കുന്നത്.

(ബി) അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഫിലിം സൊസൈറ്റി പ്രവർത്തകർ, സാംസ്ക്കാരിക പ്രവർത്തകർ, ഗ്രാമീണ സ്ത്രീകൾ എന്നിവരെ ഉദ്ദേശിച്ചാണ് കോഴ്സ് സംഘടിപ്പിച്ചിട്ടുള്ളത്.

(സി) 133 കുട്ടികൾ.

(ഡി) സിനിമയുടെ സാങ്കേതിക വശങ്ങൾ പ്രാഥമികമായി ക്യാമ്പുകളിൽ നൽകുന്നുണ്ട്. കൂടാതെ അഞ്ച് മിനിട്ടുള്ള സിനിമകളും എടുക്കാറുണ്ട്. സാങ്കേതിക വശങ്ങൾ പരിചയപ്പെടുത്താനായി മാത്രമുള്ള കോഴ്സ് പരിഗണിക്കുന്നതാണ്.

(ഇ) അഞ്ചുദിവസം നീണ്ടുനിൽക്കുന്ന കോഴ്സിന് സിനിമയുടെ സൗന്ദര്യശാസ്ത്രം, ക്യാമറ, സിനിമയുടെ ഘടന, ലോകസിനിമ, ഇന്ത്യൻ സിനിമ, മലയാളം സിനിമ, സിനിമയും സാഹിത്യവും, സിനിമ കാണേണ്ട രീതികൾ, ജെന്ററും സിനിമയും, ക്ലാസ് റൂമിൽ സിനിമ പഠിപ്പിക്കേണ്ട രീതി, സ്ക്രിപ്റ്റ്, ഡോക്യുമെന്ററി, ഫിലിം സൊസൈറ്റി മൂവ്മെന്റ് എന്നിവയെല്ലാം ഫിലിം ക്ലിപ്പിങ്ങുകളുടെ സഹായത്തോടെ വിശദമായി ചർച്ച ചെയ്യുന്നു.

(എഫ്) ആവശ്യപ്പെടുന്ന സ്ക്കൂളുകളിലും കോളേജുകളിലും അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് മേളകൾ സംഘടിപ്പിക്കാറുണ്ട്.

## ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണം

**126 (3887)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തിന് സർക്കാർ എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് ?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണത്തിനായി 1 കോടി 80 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly